## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3097** **07-02-2018 ൽ മറുപടിക്ക്**

### പട്ടയഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പട്ടയഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (എ) | 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നത് കൃഷി, ഭവന നിർമ്മാണം അയൽ പട്ടയ ഭൂമിയുടെ ഗുണപരമായ ഉപയോഗം എന്നിവയ്ക്കാണ്. 1995 ലെ മുൻസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ഭവന നിർമ്മാണം, കടമുറികൾക്ക് അല്ലെങ്കിൽ മറ്റു വാണിജ്യപരമോ ധർമ്മപരമോ ആയ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നു. 01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണങ്ങൾ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം കൃഷി, ഭവനനിർമ്മാണം, കടമുറികൾ വയ്ക്കുന്നതിന് എന്നീ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നു. |
| (ബി) പട്ടയഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്താൽ ലഭിക്കാവുന്ന ശിക്ഷകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടയഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്യുകയോ പട്ടയ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പട്ടയം റദ്ദ് ചെയ്തു ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതാണ്. |
| (സി) പട്ടയഭൂമിയിൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; പലയിടങ്ങളിലും പട്ടയഭൂമികളിൽ ഖനന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പട്ടയഭൂമിയിൽ ഖനനത്തിന് അനുമതി നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. അനധികൃത ഖനനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിയമാനുസരണമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പട്ടയഭൂമിയിൽ ഖനനം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകിയാൽ ദുരുപയോഗ സാധ്യത കൂടുകയും അത് അമിതമായ പരിസ്ഥിതി ചൂഷണത്തിന് കാരണമാകുമെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ